**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5935 08/07/2013-ൽ മറുപടിയ്ക്ക്

## ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാലോട് രവി<br>" പി. സി. വിഷ്ണുനാഥ്<br>" വി. പി. സജീന്ദ്രൻ<br>" എ. പി. അബ്ദുള്ളക്കുട്ടി | **ശ്രീ. കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;<br>ബി) പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണ്;<br>സി) ഏതെല്ലാം കർഷകർക്കാണ് പദ്ധതി അനുസരിച്ച് പ്രയോജനം ലഭിക്കുന്നത്; വിശദമാക്കുമോ; | എ) ബി) & സി) സംസ്ഥാനത്ത് ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് നെൽകർഷകർക്ക് മാത്രമായി നടപ്പിലാക്കി വരുന്ന കിസ്സാൻ അഭിമാൻ പെൻഷൻ പദ്ധതി ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയാണ് ചെറുകിട നാമമാത്ര പെൻഷൻ പദ്ധതി നടപ്പിലാക്കുന്നത്. 2 ഹെക്ടറോ അതിനു താഴെ കൃഷി ഭൂമിയുള്ള 60 വയസ്സ് പൂർത്തീകരിച്ച ചെറുകിട നാമമാത്ര കർഷകർക്കാണ് പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്നത്. കുറഞ്ഞത് 10 സെന്റ് സ്ഥലത്തെങ്കിലും കഴിഞ്ഞ 10 വർഷം മുടങ്ങാതെ നെല്ല്, തെങ്ങ്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, സുഗന്ധ വിളകൾ തുടങ്ങി ഏതു വിളയും കൃഷി ചെയ്യുന്ന, കൃഷി മുഖ്യ ജീവനോപാധിയായി സ്വീകരിച്ചിട്ടുള്ള കർഷകന് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. നിബന്ധനകൾക്ക് അനുസൃതമായി തെരഞ്ഞെടുക്കപ്പെടുന്ന കർഷകൻ 25 രൂപ രജിസ്ട്രേഷൻ ഫീസ് നൽകേണ്ടതാണ്. |
| ഡി) പദ്ധതിയനുസരിച്ച് പെൻഷൻ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) ഉണ്ട്.<br>16.08.2012 ലെ സ.ഉ.(എം.എസ്)197/2011/കൃഷി പ്രകാരം 300 രൂപയാണ് പെൻഷൻ അനുവദിച്ചത്. തുടർന്ന് 13.02.2012 ലെ സ.ഉ.(എം.എസ്)26/12/കൃഷി പ്രകാരം പെൻഷൻ തുക പ്രതിമാസം 400 രൂപയാക്കി വർദ്ധിപ്പിച്ചു. ഈ നിരക്കിലാണ് പെൻഷൻ നൽകിവരുന്നത്. പദ്ധതി അംഗങ്ങളുടെ പെൻഷൻ തുക അവരവരുടെ ബാങ്ക് അക്കൗണ്ട് മുഖേനയാണ് വിതരണം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ